(എ) സംസ്ഥാനത്തെ കോളേജുകളിലും സ്കൂളുകളിലും പ്രവർത്തിക്കുന്ന പേരൻറ് ടീച്ചേഴ്സ് അസോസിയേഷൻറെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും, സംസ്ഥാന തലത്തിൽ എന്ത് സംവിധാനമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കോളേജുകളിലും സ്കൂളുകളിലും പ്രവർത്തിക്കുന്ന പേരൻറ് ടീച്ചേഴ്സ് അസോസിയേഷൻറെ പ്രവർത്തന ലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, മേൽനോട്ടം വഹിക്കുന്നതിനും സംസ്ഥാന തലത്തിൽ പ്രത്യേക സംവിധാനം നിലവിലില്ല. ഇത്തരം അസോസിയേഷനുകൾ പ്രവർത്തിക്കുന്നത് ഇത് സംബന്ധിച്ച് അതാത് സ്ഥാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്.

പ്ലസ് വൺ കോഴ്സിന് അധിക ബാച്ച്

150 [2413] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ +1 കോഴ്സിന് എത്ര സീറ്റുകൾ നിലവിലുണ്ട്;

(ബി) ഈ നിയോജകമണ്ഡലത്തിൽ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ച എത്ര കുട്ടികളുണ്ട്;

(സി) +1 അഡ്മിഷന് ഈ മണ്ഡലത്തിലെ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അധിക ബാച്ചുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ എസ്. എസ്. എൽ.സി. പാസ്സായവരുടേയും, +2 സീറ്റുകളുടേയും എണ്ണം തിട്ടപെടുത്തിയിട്ടില്ല. വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) +1 അഡ്മിഷന് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സംസ്ഥാനത്ത് ഗവൺമെൻറ് എയിഡഡ്, അൺ എയിഡഡ് മേഖലകളിലുള്ള എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും 10% സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് പുതുതായി 32 അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. കൂടുതൽ +2 സ്കൂളുകളും, വടക്കൻ ജില്ലകളിലെ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ അഡീഷണൽ ബാച്ചുകളും അനുവദിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. കൂടാതെ പാലക്കാട് ജില്ലയിൽ ആറ് സ്കൂളുകളിൽ അൺ എയിഡഡ് മേഖലയിൽ ഹയർ സെക്കണ്ടറി കോഴ്സിൻറെ നാല് ബാച്ചുകൾ വീതം ഈ വർഷം പുതുതായി അനുവദിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly